# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5825      09-07-2012-ൽ മറുപടിക്ക്

## പുറക്കാട് ഗ്രാമ പഞ്ചായത്തിലെ പുറമ്പോക്ക് ഭൂമി പതിച്ചു നൽകാൻ നടപടി

| ചോദ്യം<br>ശ്രീ. ജി. സുധാകരൻ | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യുവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) പുറക്കാട് ഗ്രാമ പഞ്ചായത്ത് കെട്ടിടവും പഞ്ചായത്ത് സാംസ്കാരിക നിലയവും മൃഗാശുപത്രിയും ഉൾപ്പെടുന്ന സ്ഥലം പൂർണ്ണമായും നാഷണൽ ഹൈവേ വികസനത്തിനായി വിട്ടുനൽകേണ്ടിവരുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ഉണ്ട് |
| ബി) പ്രസ്തുത കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ പുറക്കാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 19-ൽ റീ സർവ്വേ നമ്പർ 12/12-പ്പെട്ട 27 ആർ റവന്യു പുറമ്പോക്ക് ഭൂമി പുറക്കാട് പഞ്ചായത്തിന് പതിച്ചു നൽകണമെന്ന ഗ്രാമ പഞ്ചായത്തിന്റെ അപേക്ഷ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ? | ബി) കളക്ടറേറ്റിൽ ലഭിച്ചതായി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ആയതിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി അമ്പലപ്പുഴ തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ